പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 282          30.11.2015-ലെ മറുപടിക്ക്

## ജീവപര്യന്തം തടവിൽ കഴിയുന്നവരുടെ മോചനം

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജീവപര്യന്തം ശിക്ഷ ലഭിച്ച് സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്നവർ എത്ര; സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ എത്ര പേരെ ജയിലുകളിൽനിന്നും മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നു; | എ) യും, (ബി)യും, (സി)യും : 1231 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 462 പ്രകാരം ജയിലുകളിൽ രൂപീകൃതമായിട്ടുള്ള ജയിൽ ഉപദേശക സമിതി, ക്രിമിനൽ നടപടി സംഹിത 433A-യിൽ നിഷ്കർഷിച്ചിട്ടുള്ള കാലാവധി പൂർത്തിയാക്കിയിട്ടുള്ള തടവുകാരെ പോലീസ്/പ്രൊബേഷൻ റിപ്പോർട്ടുകൾകൂടി പരഗണിച്ച് ലഭ്യമാകുന്ന ശുപാർശ സ്വീകരിച്ചാണ് ജീവപര്യന്തം തടവുകാർക്ക് അകാലവിട്ടതൽ നൽകുന്നത്. ആയതിനാൽ എത്ര ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുമെന്ന് മുൻകൂട്ടി തീരുമാനിക്കുവാൻ സാധിക്കുകയില്ല. |
| ബി) എത്ര കാലം തടവുശിക്ഷ അനുഭവിച്ചവരെയാണ് മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കാമോ; | |
| സി) മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മോചനത്തിനർഹരായവർ എത്ര; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ